**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** **14-10-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 15% ലേക്ക് ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ച് 15-ാം കേരള നിയമസഭയിലെ 11-ാം സമ്മേളനത്തിൽ കേരള പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് 8/7/2024 ലെ ചോദ്യം നമ്പർ 451 ന് നൽകിയ മറുപടിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2016-ൽ മുൻ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സേനയിലെ അംഗബലം 6 ശതമാനമായിരുന്നു. അത് 11.37 ശതമാനമായി വർദ്ധിച്ചു. അത് പടിപടിയായി 15 ശതമാനത്തിലേക്ക് ഉയർത്തുക എന്നത് ഈ സർക്കാരിന്റെ നയമാണ്. |
| (ബി) | നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള വനിത പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 01.06.2024 വരെയുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എല്ലാ ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനു ശേഷമുള്ള എല്ലാ സാധ്യതാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 2024-25 സാമ്പത്തിക വർഷത്തിൽ വനിത സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്കുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ